31

# നമ്മുടെ രണ്ടു കുടുംബങ്ങൾ

## മത്താ. 12:46-50; മർക്കൊ. 3:20, 21, 31-35; ലൂക്കൊ. 8:19-21, ഒരടുത്ത നോട്ടം

യേശുവിന്റെ രണ്ടാം ഗലീലാ സന്ദർശനത്തിന്റെ അവസാനത്തിൽ, അവന് ഒരു തിരക്കുള്ള ദിവസം ഉണ്ടായിരുന്നു.[1] സംസാരിക്കുവാൻ കഴിവില്ലാത്ത കുരുടനായിരുന്ന ഒരു ഭൂതബാധിതനെ സൗഖ്യപ്പെടുത്തിക്കൊണ്ടാണ് ആ ദിവസം ആരംഭിച്ചത് (മത്തായി 12:22, 23). പിശാചിന്റെ ശക്തികൊണ്ടാണ് ക്രിസ്തു ഭൂതങ്ങളെ പുറത്താക്കിയതെന്ന ആരോപണത്തിന് ഇതു ശക്തി കൂട്ടി (മത്തായി 12:23–30). ആ ആരോപണത്തിനു യേശു മറുപടി പറഞ്ഞ ശേഷം, അവന്റെ ശത്രുക്കൾ "ആകാശത്തുനിന്ന് ഒരു അടയാളം" കാണണമെന്ന് ആവശ്യപ്പെട്ടു (ലൂക്കൊസ് 11:16). എതിർപ്പുകൾ നിറഞ്ഞ ഒരു ദിവസം, ഒറ്റപ്പെട്ട ഒരു ചെറിയ സംഭവമുണ്ടായി. ഇതാ മർക്കൊസിന്റെ വിവരണം:

> അനന്തരം അവന്റെ അമ്മയും സഹോദരന്മാരും വന്നു പുറത്തുനിന്നു, അവനെ വിളിപ്പാൻ ആളയച്ചു. പുരുഷാരം അവന്റെ ചുറ്റും ഇരുന്നിരുന്നു, അവർ അവനോട് പറഞ്ഞു, "നിന്റെ അമ്മയും സഹോദരന്മാരും, പുറത്തുനിന്നു നിന്നെ അന്വേഷിക്കുന്നു." അവൻ അവരോടു, പറഞ്ഞു, "എന്റെ അമ്മയും സഹോദരന്മാരും ആർ?" ചുറ്റിലും ഇരിക്കുന്നവരെ നോക്കിക്കൊണ്ട്, അവൻ പറഞ്ഞു, "എന്റെ അമ്മയും സഹോദരന്മാരും ഇതാ! ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻ തന്നേ, എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു" (3:31–35).

നാം ആ ഭാഗം വായിക്കുമ്പോൾ, പല ചോദ്യങ്ങളും മനസ്സിലേക്കു വരും: "സുവിശേഷ എഴുത്തുകാർ എന്തുദ്ദേശത്തോടെയാണ് അതിനെ കുറിച്ചു നമ്മോടു പറയുന്നത്?"; "യേശു എന്തുകൊണ്ട് തന്റെ കുടുംബത്തെ തിരിച്ചറിഞ്ഞില്ല – പ്രത്യേകിച്ച് അവന്റെ അമ്മയെ?" ; "ഈ സംഭവത്തിൽ നിന്ന് എന്തു പാഠം അല്ലെങ്കിൽ പാഠങ്ങൾ ആണ് ദൈവം നമ്മെ പഠിപ്പിക്കുന്നത്?" "നമ്മുടെ രണ്ടു കുടുംബങ്ങൾ" എന്നതിനെ കുറിച്ച് നാം പഠിക്കുമ്പോൾ ഇവയ്ക്കും മറ്റു ചോദ്യങ്ങൾക്കും ഉത്തരം കണ്ടെത്തുമെന്നു കരുതാം.

### യേശുവിന്റെ രണ്ടു കുടുംബങ്ങൾ

യേശുവിന്റെ രണ്ടു കുടുംബങ്ങളുമായി നമുക്ക് ആരംഭിക്കാം.

**യേശുവിന്റെ ഭൗതിക കുടുംബം**

യേശു ഒരു ഭൗതിക കുടുംബത്തിൽ ജനിച്ചിരുന്നു എന്നത് മിക്കപേർക്കും അറിയാം. അവന്റെ യഥാർത്ഥ അപ്പൻ യോസേഫും (മത്തായി 1:16; ലൂക്കൊസ് 3:23; യോഹന്നാൻ 1:45; 6:42), അവന്റെ അമ്മ മറിയയുമായിരുന്നു (മത്തായി 1:18; 2:11; 13:55; ലൂക്കൊസ് 2:34). ക്രിസ്തു ജനിക്കുമ്പോൾ മറിയ കന്യകയായിരുന്നു; എന്നാൽ അവന്റെ ജനനശേഷം, യോസേഫും മറിയയും ഭാരൃയും[2] ഭർത്താവുമായി ഒരുമിച്ചു താമസിച്ചു. അവർക്ക് നാല് ആൺമക്കളുണ്ടായി, അതായത് യേശുവിന്റെ നേരെ ഇളയ സഹോദരന്മാർ: "യാക്കൊബും യോസേഫും ശിമോനും യൂദയും" (മത്തായി 13:55; മർക്കൊസ് 6:3 നോക്കുക). അവർക്കു ചുരുങ്ങിയത് രണ്ടു സഹോദരിമാരും ഉണ്ടായിരുന്നു (മത്തായി 13:56; മർക്കൊസ് 6:3 നോക്കുക). അതുകൊണ്ട് ക്രിസ്തു ചുരുങ്ങിയത് ഒൻപത് അംഗങ്ങളുള്ള കുടുംബത്തിലാണ് വളർന്നത്. എല്ലാ സൂചനയിൽനിന്നും, അതൊരു സന്തുഷ്ടകുടുംബമായിരുന്നു[3] എന്നു കാണാം.

തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുവാനായി യേശു വീടുവിട്ട് പോയപ്പോൾ, എങ്ങനെയായാലും, അവന്റെ കുടുംബ ബന്ധങ്ങൾ മാറി. അവന്റെ താഴെയുള്ള സഹോദരന്മാരുടെ ഭാഗത്തുനിന്ന് അസൂയയും നീരസവും ഉണ്ടായിരിക്കാം. അവനെ മശിഹ ആയിട്ട് അവർക്ക് അംഗീകരിപ്പാൻ കഴിഞ്ഞില്ല എന്നും ചില സന്ദർഭങ്ങളിൽ അവനോടു രൂക്ഷമായി പോലും സംസാരിക്കയുണ്ടായി എന്നും യോഹന്നാൻ പരാമർശിച്ചിരിക്കുന്നു (യോഹന്നാൻ 7:3–5).[4] അവൻ ആരായിരുന്നുവെന്ന്, ക്രിസ്തുവിന്റെ അമ്മ മറിയക്ക്, വ്യക്തമായ ആശയമുണ്ടായിരുന്നു (നോക്കുക ലൂക്കൊസ് 2:19, 51), എന്നിട്ടു പോലും അവന്റെ ദൗത്യത്തെ കുറിച്ച് അവൾക്ക് പൂർണ്ണമായി മനസ്സിലാക്കുവാൻ കഴിഞ്ഞില്ല (യോഹന്നാൻ 2:3, 4 നോക്കുക).

ഇത് നമ്മെ മർക്കൊസ് 3–ലെ സംഭവങ്ങളിലേക്കു കൊണ്ടുവരും. ഏതാനും പശ്ചാത്തലം കിട്ടുന്നതിനു വാക്യം 20–ലെ വിവരണത്തോടുകൂടി നമുക്കാരംഭിക്കാം:

> അവൻ വീട്ടിൽ വന്നു, അവർക്കു ഭക്ഷണം കഴിപ്പാൻ പോലും വഹിയാതെവണ്ണം, പുരുഷാരം പിന്നേയും തിങ്ങി കൂടിവന്നു. അവന്റെ ചാർച്ചക്കാർ, അതുകേട്ടു; "അവന്നു ബുദ്ധിഭ്രമം ഉണ്ടു"[5] എന്നു പറഞ്ഞു, അവനെ പിടിപ്പാൻ വന്നു (മർക്കൊസ് 3:20, 21).

"അവന്റെ സ്വന്തജനം" എന്നതിനു പകരം, എൻഐവിയിൽ ഉള്ളത് "അവന്റെ കുടുംബം"[6] എന്നാണ്. "റ്റു ടേക്ക് കസ്റ്റഡി" എന്ന പ്രയോഗം സൂചിപ്പിക്കുന്നത് അവർ അവനെ അവൻ ആഗ്രഹിച്ചാലും ഇല്ലെങ്കിലും[7] വീട്ടിലേക്ക് കൊണ്ടുപോകുവാൻ ഉദ്ദേശിച്ചു എന്നാണ്.

യേശു ഭക്ഷണം കഴിപ്പാൻ പൊലും സാധിക്കാത്തവണ്ണം തിരക്കുള്ളവൻ ആയിരുന്നു എന്ന വസ്തുത കൊണ്ടു മാത്രമല്ല അവന്റെ സ്നേഹിതന്മാരും കുടുംബവും അവന് "ബുദ്ധിഭ്രമം ഉണ്ടു"[8] എന്നു കരുതിയത്. അവരെ ആ തീർപ്പിൽ[9] എത്തിക്കുവാൻ ഇടയാക്കിയ ധാരാളം വേറെയും കാരണങ്ങൾ വില്യം ബാർക്ക്ലേ നൽകുന്നു:

(1) യേശു *ഭദ്രത* എടുത്തുകളഞ്ഞിരുന്നു. തല ചായ്ക്കുവാൻ ഒരിടവും ഇല്ലാത്ത ഒരു പരദേശി ആയി തീരുവാൻ, ഏതൊരാളാണ് തന്റെ ആഴ്ച്ച

തോറും പണം ലഭിക്കുന്ന ബിസിനസ് ഉപേക്ഷിക്കുവാൻ തയ്യാറാകുന്നത്?

(2) യേശു *സുരക്ഷ*യെ കുറിച്ച് തീർച്ചയായും വിചാരിച്ചിരുന്നില്ല. ബുദ്ധിയുള്ള ഏതൊരു മനുഷ്യനാണ്, യെഹൂദസ്ഥാപിതമായ എല്ലാം തോൽക്കുവാൻ വിധിയുള്ള യുദ്ധത്തിലേക്കു നയിക്കുവാൻ തയ്യാറാകുന്നത്?

(3) *സമൂഹ*ത്തിന്റെ മുഖ്യ ധാരയിൽ നിന്ന് യേശു കൂടുതൽ കൂടുതൽ ഒറ്റപ്പെട്ടുകൊണ്ടിരുന്നു. ചോദ്യംചെയ്യപ്പെടുന്ന ബഹുമതിയുള്ളതും[10] കൈകൾ തഴമ്പുപിടിച്ചതുമായ ചിലർ ഉൾപ്പെടുന്ന, ഒറ്റപ്പെട്ട ഒരുകൂട്ടം വിദ്യാഭ്യാസമില്ലാത്ത ജനങ്ങളുമായുള്ള പോരാട്ടത്തിൽ ജയിക്കുമെന്ന് ഏതൊരാൾക്കാണ് ചിന്തിക്കുവാൻ കഴിയുക?

ബർട്ടൺ കോഫ്മാൻ എഴുതി,

> ആത്മിയരല്ലാത്ത [മാനസാന്തരം നടക്കാത്ത] മനുഷ്യർക്കു ദൈവീക സേവനത്തിനുള്ള എരിവ് വ്യക്തമായി ഉൾക്കൊള്ളുവാൻ കഴിയുകയില്ല. വ്യാപാരത്തിനും, യുദ്ധത്തിനും, ശാസ്ത്രത്തിനും, സുഖത്തിനും, രാഷ്ട്രീയത്തിനുമുള്ള അതിയായ ആഗ്രഹം, അല്ലെങ്കിൽ മിക്കവാറും ഭൗതികമായ എന്തിനെയും പിന്തുടരുന്നത്, അംഗീകാര്യവും, പ്രശംസനീയവും, അനുകരണീയവുമാണ്; എന്നാൽ ഒരാൾ തന്നെ മുഴുവനായും വിശുദ്ധ മതത്തിനായി സമർപ്പിക്കുമ്പോൾ, അയൽക്കാർ തലകുലുക്കി പറയുവാൻ തുടങ്ങും, "അവൻ അതിന് കീഴ്പ്പെട്ടുപോയി!"[11]

വാക്യം 31–ലെ "അവന്റെ അമ്മയും സഹോദരന്മാരും" എന്നതു തന്നെയാണോ വാക്യം 21–ലെ യേശുവിന്റെ "സ്വന്തജനം" എന്നതു നമുക്ക് തീർച്ചയില്ല, എന്നാൽ അതിൽ സ്വാഭാവികമായ ഒരു ക്രമം കാണാം: വാക്യം 21–ൽ ക്രിസ്തുവിന്റെ "ആളുകൾ" അവനെ പിടിച്ചുകൊണ്ടുപോകുവാനാണ് തീരുമാനിച്ചത്, അതുകൊണ്ട് അവർ *"പോയി"* (എംഫസിസ് മൈൻ) – അവൻ എവിടെയായിരുന്നുവോ അവിടേക്കാണ് അവർ പോയത്. കുറെ സമയം കഴിഞ്ഞശേഷം (വാ. 22–29), അവൻ ഇരുന്ന സ്ഥാനത്ത് "അവന്റെ അമ്മയും സഹോദരന്മാരും *എത്തി*" (വാ. 31; എംഫസിസ് മൈൻ). വാക്യം 21–ലും 31–ലും പറയുന്ന ആളുകൾ ഒന്നു തന്നെയാണെന്നു അതു തീർച്ചപ്പെടുത്തുന്നതായി കാണാം.

വാക്യം 21–ഉം 31–ഉം തമ്മിൽ ബന്ധമുണ്ടെങ്കിൽ, "അവനു പുറമെ" അവനെ സഹായിക്കുവാൻ മറിയയും യേശുവിന്റെ സഹോദരന്മാരും വന്നു എങ്കിൽ, ഈ ചോദ്യം ഉയരും: "ക്രിസ്തുവിന്റെ അമ്മ അത്തരം ഒരു പദ്ധതിയോടു യോജിച്ചത് എന്തുകൊണ്ട്?" എന്തുതന്നെയായാലും, അവന്റെ സഹോദരന്മാരേക്കാൾ കൂടുതൽ ഉൾക്കാഴ്ച്ച അവൾക്ക് ഉണ്ടായിരുന്നുവല്ലോ. അതു വാസ്തവമാണ്, എന്നാൽ രണ്ടു വസ്തുതകൾ ഓർമ്മിക്കുക: (1) യേശു ആരാണെന്നതിനെ സംബന്ധിച്ച് ചില അറിവ് അവൾക്കുണ്ടായിരുന്നുവെങ്കിലും, അവളുടെ അറിവ് അപൂർണ്ണമായിരുന്നു; (2) അവൾ അപ്പോഴും അമ്മയുടെ കരുതൽ ഉള്ള ഒരു മാതാവായിരുന്നു. തന്റെ മകൻ ശരിയായി ഭക്ഷിക്കാതിരിക്കുമ്പോൾ ഏതൊരമ്മയ്ക്കാണ് വിചാരപ്പെടാതിരിക്കുവാൻ കഴിയുക? അവൾ ഒരുപക്ഷെ തന്റെ മകന്റെ വിശുദ്ധിയെക്കുറിച്ചു വിചാരപ്പെട്ടു കാണുകയില്ല, എന്നാൽ അവന്റെ സുരക്ഷയെ[12] കുറിച്ച് അവൾ വിചാരപ്പെട്ടിരിക്കും.

മറിയയുടെയും യേശുവിന്റെ സഹോദരന്മാരുടെയും ലക്ഷ്യങ്ങളിൽ ഉണ്ടായിരുന്നത് സ്നേഹമായിരുന്നു എന്നു പറയാം. അവരുടെ ഉദ്ദേശങ്ങൾ തെറ്റായി നയിക്കപ്പെട്ടിരുന്നാലും, അവരുടെ ഇടപെടൽ ഒരുപക്ഷെ "അവന്റെ നന്മക്കായിട്ടായിരുന്നു" എന്ന് അവർ വിശ്വസിച്ചിരുന്നു.

അത് നമ്മെ മർക്കൊസ് 3:31–ലേക്കു കൊണ്ടുവരുന്നു: "അനന്തരം അവന്റെ അമ്മയും സഹോദരന്മാരും വന്നു" (വാക്യം 31) അവിടെ യേശു ഉണ്ടായിരുന്നു. "പുരുഷാരം അവന്റെ ചുറ്റും ഇരുന്നിരുന്നു" (വാ. 32), ക്രിസ്തു പുരുഷാരത്തോടു "സംസാരിച്ചുകൊണ്ടിരുന്നു" (മത്തായി 12:46). ആളുകൾ യേശുവിനുചുറ്റും തിങ്ങിക്കൂടിയതുകൊണ്ട് മറിയക്കും സഹോദരന്മാർക്കും "പുരുഷാരം നിമിത്തം അവനോടു അടുപ്പാൻ കഴിഞ്ഞില്ല" (ലൂക്കൊസ് 8:19[13]).

മത്തായി പറയുന്നതനുസരിച്ച്, "അവന്റെ അമ്മയും സഹോദരന്മാരും, അവനോടു സംസാരിപ്പാൻ ആഗ്രഹിച്ചു പുറത്തു നിന്നു" (12:46). അവർ ഒരുപക്ഷെ യേശുവിന്റെ ശ്രദ്ധ പിടിച്ചുപറ്റുവാൻ ആഗ്രഹിച്ചിരിക്കാം, എന്നാൽ അവൻ ഒന്നുകിൽ അവരെ കേൾക്കാതിരുന്നു അല്ലെങ്കിൽ അവരെ കണ്ടില്ലെന്നു നടിച്ചു. അപ്പോൾ അവർ ആളയച്ച് അവനോടു സംസാരിപ്പാൻ ആഗ്രഹിക്കുന്നു എന്നറിയിച്ചു. അവർ പുരുഷാരത്തിന്റെ പുറകിലുള്ള ഒരാളൊടു മന്ത്രിക്കുന്നതും അയാൾ തന്റെ മുൻപിലുള്ള ആളിനോടു പറയുന്നതും അങ്ങനെ അവസാനം അതു ക്രിസ്തുവിന്റെ ചെവിയിൽ എത്തുന്നതും എനിക്കു ഊഹിക്കുവാൻ കഴിയും: "ഈ വിവരം അറിയിക്കുക. യേശുവിന്റെ അമ്മയും സഹോദരന്മാരും ഇവിടെ എത്തിയിരിക്കുന്നു! അവർ അവനെ കാണുവാൻ ആഗ്രഹിക്കുന്നു!" ഒടുവിൽ, സന്ദേശം മുൻനിരയിലുള്ളവരിൽ എത്തി, പലരും[14] ക്രിസ്തുവിനെ തടസപ്പെടുത്തി: "നിന്റെ അമ്മയും സഹോദരന്മാരും, പുറത്തുനിന്നു നിന്നെ അന്വേഷിക്കുന്നു" (മർക്കൊസ് 3:32).

അവരുടെ ഉദ്ദേശം നല്ലതോ, മോശമോ, അല്ലെങ്കിൽ രണ്ടിനും–മദ്ധ്യേയോ ആയാലും, അവന്റെ ഉപദേശം തീരുന്നതുവരെ കാത്തുനിൽക്കുവാൻ യേശുവിന്റെ കുടുംബം തയ്യാറാകാത്തതിൽ ധിക്കാരം ഉള്ളതായി സൂചനയുണ്ട്. വാസ്തവത്തിൽ, അവർ പറയുന്നതു, എന്തെന്നാൽ, "നാം *കുടുംബ*മാണ്. നീ *ഇപ്പോൾ* അതു നിർത്തി ഞങ്ങളെ കാണണം. *നീ* ഇപ്പോൾ ചെയ്യുന്നതിനെക്കാൾ കൂടുതൽ പ്രാധാന്യമുള്ളതാണ് *ഞങ്ങൾ* ആഗ്രഹിക്കുന്നത്!"

## യേശുവിന്റെ ആത്മീയ കുടുംബം

ആ നിസ്സാരമായ ആവശ്യം ക്രിസ്തുവിനെ കൊണ്ടുവരുന്നത് "ഏറ്റവും കൂടുതൽ വേദനാജനകമായ ഒരു അവസ്ഥയിലേക്കാണ്, തന്റെ ഭൗമിക ശുശ്രൂഷയെ[15] സംബന്ധിച്ച ഏറ്റവും വൈകാരികമായ ആശയകുഴപ്പത്തിലേക്കാണ്." അവൻ തന്റെ കുടുംബത്തെ തടയുവാൻ ആഗ്രഹിച്ചില്ല, എന്നാൽ അവൻ അവരോടു അറിയിക്കുവാൻ ആഗ്രഹിച്ചത് – സന്നിഹിതരായ മറ്റുള്ളവരോടും – തന്റെ പ്രവർത്തിയുടെ സ്വഭാവത്തെയും പ്രാധാന്യത്തെയും കുറിച്ചായിരുന്നു.

ആ വിഷമസന്ധി നേരിട്ടതു എനിക്കായിരുന്നുവെങ്കിൽ, ഒരുപക്ഷെ ഞാൻ ഇടറിപോകുമായിരുന്നു. ഒരിക്കൽ മാത്രമാണ്, പ്രസംഗത്തിനിടയിൽ അർത്ഥ–ബോധത്തോടുകൂടിയാണെങ്കിൽ പോലും സംസാരിക്കുവാൻ എനിക്കു മനസാന്നിധ്യം ഉണ്ടായിരുന്നതു, എന്നു ഞാൻ ഓർക്കുന്നു. ഓക്‌ള

ഹോമ, ചർച്ച് ഓഫ് ക്രൈസ്റ്റിൽ, താലിഖ്വാ ആഡിറ്റോറിയത്തിൽ ദൃശ്യസ ഹായം ഞാൻ കാണിച്ചുകൊണ്ടിരുന്നപ്പോഴായിരുന്നു അത്. പഠനസഹായ ത്തിനുള്ള ഉപകരണങ്ങൾ നിറയെ ഉണ്ടായിരുന്ന പ്ളാറ്റ്ഫോമിൽ കൂടി, ഞാൻ വേഗതയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായിരുന്നു. അപ്പോൾ അവിടെ ഒരു വശത്തെത്തിയപ്പോൾ, ഞാൻ പുറകോട്ടു കാലെടുത്തുവെച്ചു – അത് വേദിയുടെ ഒരുവശത്തുള്ള താഴേക്കുള്ള കോവണിയിലേക്കായിരുന്നു. പടി കളിലൂടെ ഞാൻ മുകളിലേക്കു പിടിച്ചുകയറാൻ ശ്രമിക്കുന്നതിനിടയിൽ, കഷ്ടിച്ച് പതുക്കെ ഇങ്ങനെ പറഞ്ഞു, ''അതു ചിത്രീകരിക്കുന്നത് 'നിൽക്കുന്നു എന്നുതോന്നുന്നവൻ, വീഴാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളട്ടെ' എന്ന വേദഭാഗത്തെയാണ്." സാധാരണ, എങ്ങനെയായാലും, പുതിയ പ്രതി സന്ധിയെ നേരിടുമ്പോൾ എനിക്ക് സംസാരിക്കുവാൻ കഴിയാറില്ല.

ആ സാഹചര്യം നേരിട്ടപ്പോൾ നമ്മുടെ യജമാനനായ ഗുരു എന്താണു ചെയ്തത്? അവൻ ആ അസമയത്തെ തടസ്സത്തെ സമയത്താവശ്യമായ നിർദ്ദേശമാക്കി തീർത്തു. അവൻ ചോദിച്ചു, "എന്റെ അമ്മ ആർ എന്റെ സഹോദരന്മാർ ആർ?" (മത്തായി 12:48). പിന്നെ അവൻ മറുപടി പറഞ്ഞു, "... സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ, എന്റെ സഹോ ദരനും സഹോദരിയും അമ്മയും ആകുന്നു" (മത്തായി 12:50).

ക്രിസ്തു ആ വാക്കുകൾ[16] പറഞ്ഞപ്പോൾ അവന്റെ കുടുംബത്തെ തരം താഴ്ത്തുകയായിരുന്നില്ല. ശിഷ്യന്മാർ അവരുടെ യഥാർത്ഥ കുടും ബങ്ങ ളിൽ നിന്ന് വിട്ടുനിൽക്കണമെന്ന് ചില വിഭാഗക്കാർ ശഠിക്കുന്നു, എന്നാൽ യേശു അതിനെ പ്രോത്സാഹിപ്പിക്കുകയോ, അത്തരം തത്വങ്ങൾ പഠിപ്പിക്കു കയോ ചെയ്തില്ല. അവന് കുടുംബം പ്രാധാന്യമുള്ളതായിരുന്നു. മാതാപി താക്കളെ കരുതുകയോ ആദരിക്കയോ ചെയ്യാതിരുന്ന ശാസ്ത്രിമാരെയും പരീശന്മാരെയും അവൻ താക്കീതു ചെയ്തിരുന്നു (മത്തായി 15:1–8). തന്റെ അമ്മയെ കരുതലോടെ ഏൽപിക്കുന്ന ഒരു പ്രവൃത്തിയായിരുന്നു അവൻ മരിക്കുന്നതിനു മുൻപ് അവസാനമായി ചെയ്തത് (യോഹന്നാൻ 19:26, 27). വില്യം ആർനോട്ട് എഴുതി,

> ഒരു മകന്റെയും ഒരു സഹോദരന്റെയും ശരിയായ ബന്ധത്തോടെയാണ് അവൻ തന്റെ അമ്മയെയും സഹോദരന്മാരെയും സ്നേഹിച്ചത്. ഒരു ശിശു വായിരുന്നപ്പോൾ താൻ കിടന്നുറങ്ങിയ മടിയെ, അവൻ യുവാവും പുരു ഷനുമായപ്പോൾ അവഗണിച്ചില്ല. ജന്മം മുതൽ അവനെ വളർത്തിയ അമ്മ മരണത്തോളം[17] അവനു പ്രിയപ്പെട്ടവളായിരുന്നു.

എന്നിരുന്നാലും, ഭൗതികമായ ഏതൊരു ബന്ധത്തെക്കാൾ, കൂടുതൽ വില യുള്ളതും, ആഴമേറിയതുമായ ഒരു ബന്ധം ഉണ്ടെന്ന് വ്യക്തമാക്കുവാൻ കർത്താവു ആഗ്രഹിച്ചു.

ആ പ്രതിസന്ധി മറികടക്കുവാൻ, ക്രിസ്തു "ചുറ്റിലും ഇരിക്കുന്നവരെ" നോക്കിക്കൊണ്ടു, ഇങ്ങനെ പറഞ്ഞു, "എന്റെ അമ്മയും സഹോദരന്മാരും ഇതാ!" (മർക്കൊസ് 3:34). മത്തായിയുടെ വിവരണമനുസരിച്ച്, അവൻ "ശിഷ്യന്മാരുടെ നേരെ കൈനീട്ടി" ഇങ്ങനെ പറഞ്ഞു, "ഇതാ എന്റെ അമ്മയും എന്റെ സഹോദരന്മാരും! സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യു ന്നവൻ, എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു"[18] (മ

ത്തായി 12:49, 50).

ശിഷ്യന്മാർ യേശുവിന്റെ "സഹോദരന്മാർ," എന്നും അവന്റെ "സഹോദരിമാർ," അല്ലെങ്കിൽ "അവന്റെ അമ്മ"[19] എന്നും പറഞ്ഞിരിക്കുന്നതിൽ നിങ്ങൾ വിഷമിക്കേണ്ടതില്ല. ക്രിസ്ത്യാനികളെ അവൻ മൂന്ന് വിവിധ തരങ്ങളിലേക്ക് മാറ്റുകയായിരുന്നില്ല. മറിച്ച്, അവൻ പറയുന്നതിന്റെ അർത്ഥമിതാണ്, "എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരാണ് എന്റെ *കുടുംബം*, എന്റെ *ആത്മീയ* കുടുംബം അവരാണ്." ലൂക്കൊസിന്റെ പദപ്രയോഗത്തിൽ, അവൻ ഊന്നി പറഞ്ഞിരിക്കുന്നത് അവന്റെ കുടുംബത്തിൽ "ദൈവവചനം കേട്ടു ചെയ്യുന്നവർ" ഉൾപ്പെട്ടിരിക്കുന്നു എന്നാണ് (ലൂക്കൊസ് 8:21).

മത്തായിയുടെയും മർക്കൊസിന്റെയും വിവരണത്തിൽ, ക്രിസ്തു പിതാവിന്റെ "*ഇഷ്ടം*" ചെയ്യുന്നതിനെ കുറിച്ചു പറഞ്ഞു, പക്ഷെ, ലൂക്കൊസിൽ, ഉപയോഗിച്ചിരിക്കുന്ന പദപ്രയോഗം "ദൈവ*വചനം*" എന്നാണ്. ഇതിൽ വൈപരീത്യമില്ല. അവന്റെ *വചനം* മുഖാന്തരം മാത്രമെ നമുക്ക് ദൈവ*േഷ്ടം* അറിയുവാൻ കഴിയൂ.

നാം കർത്താവിന്റെ കുടുംബത്തിലെ ഭാഗമായി തീരുകയാണെങ്കിൽ, ദൈവത്തിന്റെ വചനം നാം *കേൾക്കണം* – പിന്നെ നാം അതു *പ്രവർത്തിക്കണം* (മത്തായി 7:21–27 നോക്കുക).[20] "ചെയ്യുക" എന്നതിൽ എന്താണ് അടങ്ങിയിരിക്കുന്നത്? "ചെയ്യുക" എന്നാൽ വചനപ്രകാരം അതു പഠിപ്പിക്കുന്നതെല്ലാം വിശ്വസിക്കുകയും, അതിൽ കൽപിച്ചിരിക്കുന്നതെല്ലാം അനുസരിക്കുകയും, അതിലെ വാഗ്ദാനങ്ങളിലെല്ലാം[21] പ്രത്യാശിക്കുകയും ചെയ്യുക എന്നാണ്.

ഈ പാഠം യേശുവിന്റെ കാലത്തെ യെഹൂദന്മാർക്ക് ആവശ്യമായിരുന്നു. അബ്രഹാമിന്റെ ഭൗതിക പിൻഗാമി ആയതുകൊണ്ട് ദൈവത്തിന്റെ ഭവനത്തിലെ എല്ലാ അവകാശവും തങ്ങൾക്കുണ്ടെന്നാണ് അവർ കരുതിയത് (നോക്കുക ലൂക്കൊസ് 3:7–9; യോഹന്നാൻ 8:39). ജഡിക ബന്ധം ദൈവത്തിന്റെ ഭവനത്തിൽ സ്ഥാനം ഉറപ്പിക്കുന്നില്ല എന്ന് അവർ മനസ്സിലാക്കേണ്ടതായിരുന്നു (നോക്കുക റോമർ 9:6, 7). യേശുവിനെ അനുഗമിക്കുവാൻ തീരുമാനിക്കുന്നതുപോലെ പ്രാധാന്യമുള്ളതല്ല അബ്രഹാമിന്റെ പിൻഗാമിയായി ജനിക്കുക എന്നത്. വംശപാരമ്പര്യമല്ല കണക്കാക്കിയിരുന്നത്, പിന്നെയോ പ്രവർത്തിയായിരുന്നു. പിതാവുമായി തുടർച്ചയായ ഒരു ബന്ധം അവർ ആഗ്രഹിച്ചിരുന്നുവെങ്കിൽ, അവർ അവനെ *കേൾക്കുക*യും *ചെയ്യുക*യും വേണമായിരുന്നു.

നിങ്ങൾക്കും എനിക്കും ഈ പാഠം ആവശ്യമാണ്. വചനം കേൾ ക്കേണ്ടത് പ്രാധാന്യം അർഹിക്കുന്നതാണ് (റോമർ 10:17). ദിവസേന ബൈബിൾ വായിക്കുന്നത് സ്തുത്യർഹമാണ് (പ്രവൃത്തികൾ 17:11) എല്ലാ ബൈബിൾ ക്ലാസുകളിലും എല്ലാ ആരാധനാ ശുശ്രൂഷകളിലും പങ്കെടുക്കുന്നതും അതുപോലെയാണ് (എബ്രായർ 10:25). ഒരു ഉപദേഷ്ടാവു പ്രസംഗിക്കുന്നതു ശ്രദ്ധയോടെ കേൾക്കുകയും ബൈബിൾ തുറന്ന് നോക്കുകയും നോട്ടുകൾ എഴുതുകയും ചെയ്യുന്നത് അയാളെ സന്തോഷിപ്പിക്കും (നോക്കുക സങ്കീർത്തനം 119:16). ആ പ്രവർത്തികൾ എത്ര പ്രശംസിക്കത്തക്കതാണ്, എന്നിരുന്നാലും, ഒരാൾ വെറുതെ വചനം കേൾക്കുകയും അതിനനുസരിച്ച് ഒന്നും ചെയ്യാതിരിക്കുകയും ചെയ്താൽ അവ കൊണ്ടു "പ്രയോജനപ്രദമായ ഒന്നുമില്ല."[22] യേശുവിന്റെ നേരെ ഇളയ–സഹോദരനായ യാക്കൊബ് എഴുതി, "എങ്കിലും

വചനം കേൾക്ക മാത്രം ചെയ്തുകൊണ്ട് തങ്ങളെ തന്നേ ചതിക്കാതെ, അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ" (യാക്കൊബ് 1:22).

അപ്പോൾ നാം, കണ്ടു കഴിഞ്ഞതു, യേശുവിന് രണ്ടു കുടുംബങ്ങൾ ഉണ്ടെന്നാണ് – ഒന്നാമത്തേത്, ഭൗതികവും, രണ്ടാമത്തേത്, ആത്മികവുമാണ്. കർത്താവിനെ അനുസരിക്കുന്നതിലൂടെയാണ് ഒരാൾ രണ്ടാമത്തേതിൽ അംഗമായി തീരുന്നത് എന്ന് അവൻ പഠിപ്പിച്ചു. അവൻ ഊന്നിപറഞ്ഞത്, ഭൗതിക കുടുംബം പ്രാധാന്യമുള്ളതാകുന്നതുപോലെ, ആത്മിക കുടുംബവും തീർച്ചയായും കൂടുതൽ പ്രാധാന്യമുള്ളതാണ് എന്നാണ്.

## ക്രിസ്ത്യാനികളുടെ രണ്ടു കുടുംബങ്ങൾ

ഇപ്പോൾ നിങ്ങളും ഞാനും അംഗമായിരിക്കുന്ന രണ്ടു കുടുംബങ്ങളിലേക്കു നമുക്കു പോകാം.

### ഭൗതിക കുടുംബങ്ങൾ

ഡേവ് എച്ച് എന്നും ലില്ലിയൻ റോപ്പർ എന്നും രണ്ട് ക്രിസ്തീയ രക്ഷിതാക്കളും, ഒരു സഹോദരനായ, കോയും ഉള്ളതിനാൽ, ഞാൻ അനുഗ്രഹീതനാണ്. പിന്നെ ഒരു ക്രിസ്തീയ ഭാര്യയായ, ജോയെ തന്നതിനാലും ഞാൻ അനുഗ്രഹീതനാണ്; മൂന്ന് പെൺമക്കളായ, സിൻഡി, ഡെബ്ബി, ആഞ്ചി എന്നിവരും; രണ്ട് മരു–മക്കളായ റിച്ചാർഡ് ഹൊണേക്കർ, ഡാൻ ലൗജോയ് എന്നിവരെയും കർത്താവു എനിക്കു നൽകി അനുഗ്രഹിച്ചു; കൂടാതെ രണ്ടു പേരക്കുട്ടികളെയും തന്നിട്ടുണ്ട്, ശേത് ഡേവിഡും റെയിച്ചലും. ഇവരും എന്റെ ഭവനത്തിലുള്ള മറ്റുള്ളവരും എനിക്ക് ജീവിതത്തിൽ പ്രാധാന്യമുള്ളവരാണ്.

നിങ്ങളും, അവരെപോലെ, ഒരു ഭൗതിക കുടുംബത്തിലായിരിക്കാം ജനിച്ചത്. ഞാൻ പ്രതീക്ഷിക്കുന്നത് അതൊരു ക്രിസ്തീയ ഭവനമായിരുന്നു എന്നാണ്; എന്നാൽ അങ്ങനെ അല്ലെങ്കിൽ പോലും, നിങ്ങൾക്ക് നിങ്ങളെ കരുതുന്നവരും നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നവരും ഉണ്ടായിരുന്നിരിക്കാം. ഒരുപക്ഷെ, എന്നെപോലെ, നിങ്ങൾ വിവാഹിതനും മക്കളുള്ളവനും ആകാം – അല്ലെങ്കിൽ ഇല്ലാതെയുമിരിക്കാം. നിങ്ങളുടെ സാഹചര്യമെന്തായാലും, കുടുംബത്തിന്റെ അടിസ്ഥാനവില നിങ്ങൾ ഇഷ്ടപ്പെടുന്നുണ്ട് എന്നു ഞാൻ കരുതുന്നു. അതു ദൈവത്തിന്റെ ആദ്യ സ്ഥാപനമായിരുന്നു (ഉൽപത്തി 2:18, 21–24; 4:1) സമൂഹത്തിന്റെ മൂലക്കല്ലായിട്ടാണ് അതിപ്പോഴും ഇരിക്കുന്നത്.

നിർഭാഗ്യവശാൽ, ഇന്നു ചിലർ കുടുംബം എത്ര പ്രാധാന്യമുള്ളതാണെന്നു മനസ്സിലാക്കിയിട്ടില്ല. ചിലർ കുടുംബത്തെ ഉപേക്ഷിക്കുന്നു, വേറെ ചിലർ കുടുംബത്തെ അവഗണിക്കുന്നു. ചില മാതാപിതാക്കൾ കുട്ടികളെ കരുതാതിരിക്കുന്നു, ചില മക്കൾ അവരുടെ പ്രായമായ മാതാപിതാക്കളെ കരുതാതിരിക്കുന്നു. പൗലൊസ് എഴുതി "തനിക്കുള്ളവർക്കും പ്രത്യേകം സ്വന്ത കുടുംബക്കാർക്കും വേണ്ടി കരുതാത്തവൻ, വിശ്വാസം തള്ളിക്കളഞ്ഞ്, അവിശ്വാസിയെക്കാൾ അധമനായിരിക്കുന്നു" എന്നാണ് (1 തിമൊഥെയൊസ് 5:8). വീണ്ടും, അവൻ പറഞ്ഞത് മക്കളും കൊച്ചു മക്കളും "അവർ മുമ്പെ സ്വന്ത കുടുംബത്തിൽ ഭക്തി കാണിച്ചു അമ്മയപ്പന്മാർക്കു പ്രത്യുപകാരം ചെയ്‌വാൻ പഠിക്കട്ടെ" എന്നാണ് (1 തിമൊഥെയൊസ് 5:4).

**ആത്മീയ കുടുംബം**

ഭൗതിക കുടുംബം എത്ര പ്രാധാന്യമുള്ളതാണെന്നു നാം മനസ്സിലാക്കിയാൽ, പിന്നെ ഈ പ്രസ്താവനക്കു കൂടുതൽ അർത്ഥമുണ്ട്: വളരെ കൂടുതൽ പ്രാധാന്യമുള്ള ഒരു കുടുംബമുണ്ട് – അതു ദൈവത്തിന്റെ ഭവനമായ, ആത്മീയ ഭവനമാണ്. എഫെസൊസിലെ ക്രിസ്ത്യാനികൾക്ക് പൗലൊസ് എഴുതി, "ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളുമല്ല, വിശുദ്ധന്മാരുടെ സഹപൗരന്മാരും, *ദൈവത്തിന്റെ ഭവനക്കാരുമത്രേ*" (എഫെസ്യർ 2:19; എംഫസിസ് മൈൻ). "കുടുംബം" എന്നതിനു പറയുന്ന മറ്റൊരു വാക്കാണ് "ഭവനം." ന്യൂ സെഞ്ചറി വെർഷൻ ആ വാക്യത്തിന്റെ അവസാനഭാഗം ഇങ്ങനെയാണ് നൽകുന്നത്, "നിങ്ങൾ ദൈവത്തിന്റെ ഭവനത്തിന്നുള്ളവരാണ്." ഗലാത്യർ 6:10–ൽ ആ ഭവനത്തെ "സഹ വിശ്വാസികൾ" എന്നു വിളിച്ചിരിക്കുന്നു. 1 പത്രൊസ് 4:17–ൽ അതിനെ "ദൈവഗൃഹം"[23] എന്നു വിളിച്ചിരിക്കുന്നു.

ഈ ആത്മീയ കുടുംബം എന്നാൽ എന്ത്? അതു സഭയാണെന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു. അവൻ തിമൊഥെയൊസിനോടു പറഞ്ഞു, "സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി, *ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന, ദൈവാലയത്തിൽ* നടക്കേണ്ടത് എങ്ങനെയെന്നു നീ അറിയേണ്ടതിനു ഇതു എഴുതി" (1 തിമൊഥെയൊസ് 3:15; എംഫസിസ് മൈൻ).

ഈ ഭവനത്തിൽ, ദൈവം നമുക്കു പിതാവായും (മത്തായി 6:9; റോമർ 1:7), നാം അവന്റെ മക്കളായും ഇരിക്കുന്നു (യോഹന്നാൻ 1:12,13; റോമർ 8:14, 15; എഫെസ്യർ 5:1; ഫിലിപ്പിയർ 2:15; 1 യോഹന്നാൻ 3:1, 2). പൗലൊസ് എഴുതി, "നാം ദൈവത്തിന്റെ മക്കൾ എന്ന് ... ആത്മാവു താനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു, നാം മക്കൾ എങ്കിലോ അവകാശികളുമാകുന്നു, ദൈവത്തിന്റെ അവകാശികളും, ക്രിസ്തുവിന് കൂട്ടവകാശികളും തന്നേ" (റോമർ 8:16, 17). ദൈവത്തിൽ നിന്നു ലഭിച്ചതായ ഈ വാക്കുകൾ അപ്പൊസ്തലനായ പൗലൊസ് ഉദ്ധരിച്ചിരിക്കുന്നു: "'ഞാൻ നിങ്ങളെ കൈക്കൊണ്ടു നിങ്ങൾക്കു പിതാവും, നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും,' എന്നു സർവ്വശക്തമായ കർത്താവു അരുളി ചെയ്യുന്നു" (2 കൊരിന്ത്യർ 6:18). ഈ ആത്മീയ ഭവനത്തിൽ, സഭയിലെ മറ്റംഗങ്ങളാണ് നമ്മുടെ സഹോദരന്മാരും സഹോദരിമാരും (പ്രവൃത്തികൾ 6:3; റോമർ 16:1; 1 കൊരിന്ത്യർ 7:15; ഫിലെമോൻ 1, 2; യാക്കൊബ് 2:15).[24]

ഈ ഭവനത്തിലെ അംഗമാകുവാൻ നമുക്ക് എങ്ങനെ കഴിയും? വചനം കേട്ടു ചെയ്യുമ്പോഴാണ് നാം അവന്റെ ഭവനത്തിൽ അംഗമായി തീരുന്നത് എന്ന് യേശു പറഞ്ഞു. "വീണ്ടും ജനിക്കുന്ന" തിലൂടെ ആണ് നാം ദൈവമക്കൾ ആയി തീരുന്നത് എന്ന് യോഹന്നാൻ എഴുതി (നോക്കുക യോഹന്നാൻ 1:11–13; 3:3, 5). ആളുകൾ ദൈവത്തിന്റെ ഭവനത്തിൽ, സഭയിൽ അംഗമായി തീർന്നത്, ക്രിസ്തുവിൽ വിശ്വസിച്ച്, പാപങ്ങളിൽനിന്ന് മാനസാന്തരപ്പെട്ട്, തങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി സ്നാനം (വെള്ളത്തിൽ അടക്കം) ഏറ്റപ്പോഴാണെന്ന് ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നു (പ്രവൃത്തികൾ 2:36–38, 41, 47;[25] നോക്കുക 1 കൊരിന്ത്യർ 12:13). ദൈവത്തിന്റെ ഭവനത്തിലാകുവാൻ മൂന്നുവഴികൾ ഉണ്ടെന്ന് ഇതുകൊണ്ട് അർത്ഥമാക്കരുത്; മറിച്ച്, യേശുവും, യോഹന്നാനും, ലൂക്കൊസും ഒരേ നടപടി ക്രമങ്ങളാണ് പറഞ്ഞിരിക്കുന്നത്. എന്താണ് ആ നടപടി ക്രമങ്ങൾ?

നാം ദൈവചനം കേൾക്കുന്നു, ആ വചനം വിശ്വാസം പുറപ്പെടുവിക്കുകയും ചെയ്യുന്നു (റോമർ 10:17). പിന്നെ നാം ആ വചനം "ചെയ്യുന്ന" വർ ആകണം – പാപങ്ങളിൽനിന്നു മാനസാന്തരപ്പെട്ട് (ലൂക്കൊസ് 13:3), യേശുവിലുള്ള നമ്മുടെ വിശ്വാസം ഏറ്റു പറഞ്ഞ് (മത്തായി 10:32), സ്നാനമേൽക്കുന്നതിലൂടെയാണ് (വെള്ളത്തിൽ അടക്കം) അതു സാധ്യമാകുന്നത് (മർക്കൊസ് 16:16; പ്രവൃത്തികൾ 22:16). നാം അതു ചെയ്യുമ്പോൾ, നമ്മൾ "വെള്ളത്താലും ആത്മാവിനാലും ജനിച്ച്" (യോഹന്നാൻ 3:5) ദൈവഭവനത്തിലാകുന്നു. പത്രൊസ് എഴുതി, "... എന്നാൽ സത്യം അനുസരിക്കയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജമായ സഹോദര പ്രീതിക്കായി നിർമ്മലീകരിച്ചിരിക്ക കൊണ്ട് ..., കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ, ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നേ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു" (1 പത്രൊസ് 1:22, 23). ഈ വിധത്തിലാണ്, നാം ദൈവത്തിന്റെ ഭവനത്തിൽ അംഗങ്ങളാകുന്നത്.

ഭൗതികമായ കുടുബത്തിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. അവന്റെ ആത്മീയഭവനമായ, സഭയ്ക്കായും ഞാൻ കൂടുതൽ സ്തോത്രം ചെയ്യുന്നു. രണ്ടിന്റേയും ചുരുക്കത്തിലുള്ള താരതമ്യം ഇതാ: ഭൗതിക കുടുംബവും ആത്മീയ കുടുംബവും ദൈവത്തിന്റെ സ്ഥാപനങ്ങളാണ്. ആദ്യത്തേത് സ്വാഭാവികമാണ്; രണ്ടാമത്തേത് അമാനുഷവുമാണ്. ഒന്നാമത്തേതിലേക്ക് ഭൗതിക ജനനത്താൽ പ്രവേശിക്കുന്നു, എന്നാൽ രണ്ടാമത്തേതിലേക്ക് ആത്മീയ ജനനത്താൽ പ്രവേശിക്കുന്നു. ഒന്നാമത്തേത് തലമുറക്കുവേണ്ടിയാണ്, എന്നാൽ രണ്ടാമത്തേത് പുനർജനനം പ്രാപിക്കേണ്ടതിനാണ് (തീത്തോസ് 3:5). ഒന്നാമത്തേത് കാലത്തേക്കുള്ളതാണ് (മത്തായി 22:30), എന്നാൽ രണ്ടാമത്തേത് കാലത്തേക്കും നിത്യതയിലേക്കുമുള്ളതാണ് (എബ്രായർ 12:23). ഒന്നാമത്തേത് പ്രാധാന്യമുള്ളതാണ്; രണ്ടാമത്തേത് ആവശ്യമുള്ളതാണ്.[26] ഒന്നാമത്തേത് നല്ലതാണ്; രണ്ടാമത്തേത് അതിലും നല്ലതാണ്. രണ്ടിലേക്കുമുള്ള പ്രവേശനം കഷ്ടതയിലൂടെയാണ് എന്നുകൂടെ പറയട്ടെ: ഒന്നാമത്തെ കഷ്ടത, നമ്മുടെ അമ്മമാരുടേതാണ്; രണ്ടാമത്തെ കഷ്ടത, നമ്മുടെ പാപങ്ങൾക്കായി യേശു ക്രൂശിൽ അനുഭവിച്ച കഷ്ടതയാണ്! (നോക്കുക പ്രവൃത്തികൾ 20:28; എഫെസ്യർ 5:23, 25).

വാസ്തവത്തിലുള്ള ബന്ധത്തിൽ ഒരു പൊതുവായ അനുഭവവും, പൊതുവായ താൽപര്യവും, പൊതുവായ അനുസരണവും, പൊതുവായ ലക്ഷ്യവും[27] ഉണ്ട് എന്ന് വില്യം ബാർക്ക്ലേ എഴുതി. സഭയാകുന്ന, ദൈവത്തിന്റെ ഭവനത്തിൽ നമുക്ക് അവയെല്ലാം കാണാം. തന്റെ ജഡികമായ സഹോദരന്മാരോടുള്ള അടുപ്പത്തേക്കാൾ അധികം തനിക്കു ക്രിസ്തുവിലുള്ള സഹോദരി സഹോദരന്മാരോടുള്ളതായി സഭയിലെ ഒരു അംഗം പല പ്രാവശ്യം പറഞ്ഞതിനെ ഞാൻ ഓർക്കുന്നു.

ദൈവത്തിന്റെ ഭവനത്തിലായിരിക്കുന്നത് എത്ര ആശ്ചര്യകരമാണെന്നു ബോധ്യപ്പെടുത്തുവാൻ എനിക്ക് വാക്കുകൾ കുറവാണ്. ഒരു രാജാവുള്ള രാജ്യത്തിലെ രാജകീയ കുടുംബത്തിൽ അംഗമായി തീരുന്നത് ആദരവുണ്ടാക്കുന്ന ഒന്നാണ്. കോടീശ്വരനായ ഒരു പിതാവിനെ ലഭിക്കുന്നത് കൊണ്ടു അസംഖ്യം നേട്ടങ്ങൾ ഉണ്ടാകുന്നു. എന്നാൽ എങ്ങനെയായാലും, ദൈവം പിതാവായ കർത്താവിന്റെ ഭവനത്തിൽ, അംഗമായി തീരുന്നതിനെ, അവയോടൊന്നും താരതമ്യം ചെയ്യുവാൻ സാദ്ധ്യമല്ല! "ലോകം സ്വന്തമാക്കിയ"

ഒരാളെ പോലെയാണ് താൻ നടന്നതെന്ന് മരിച്ചുപോയ സീ. ആർ. നിക്കോൾസിനോട് ഒരാൾ പറയുക യുണ്ടായി. അഭിവന്ദ്യനായ ആ വൃദ്ധ ഉപദേഷ്ടാവു മറുപടി പറഞ്ഞു, "എന്റെ പിതാവ് അങ്ങനെയാണ്!"

ആത്മിയഭവനം വളരെ പ്രാധാന്യം ഉള്ളതാക കൊണ്ട്, ഈ ഭവനത്തോടുള്ള നമ്മുടെ ഭക്തി മറ്റെല്ലാ ഭക്തിയെയും[28] കവിയുന്നതായിരിക്കണം എന്നു യേശു പഠിപ്പിച്ചു. ലൂക്കൊസ് 14:26–ൽ, ഈ ഞെട്ടിക്കുന്ന വാക്കുകൾ അവൻ പറഞ്ഞു: "എന്റെ അടുക്കൽ വരികയും, അപ്പനെയും അമ്മയെയും ഭാര്യയേയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും, സ്വന്ത ജീവനെയും, കൂടെ, പകെക്കാതിരിക്കയും ചെയ്യുന്നവന്നു എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല." "യേശുവിന്റെ പ്രയാസമുള്ള വാക്കുകൾ" എന്നതിനെ കുറിച്ചുള്ള പ്രസംഗ പരമ്പരയ്ക്കുവേണ്ടി വിഷയങ്ങൾ സമർപ്പിക്കുന്നതിന് തന്റെ റേഡിയോ ശ്രോതാക്കളെ ഒരിക്കൽ ഗോർഡൻ പവൽ ക്ഷണിച്ചു. മറ്റു വേദഭാഗങ്ങളെക്കാൾ അധികം പ്രസംഗിക്കുവാൻ അപേക്ഷ ലഭിച്ചത് ലൂക്കൊസ് 14:26–നെ കുറിച്ചാണ്.[29]

നാം സാധാരണ ഉപയോഗിക്കുന്ന "പകെക്കൽ" എന്നതിന്റെ അർത്ഥമല്ല ലൂക്കൊസ് 14:26–ൽ പറഞ്ഞിരിക്കുന്ന "പകെക്കുക" എന്ന വാക്കിന്റെ അർത്ഥമെന്നു നിങ്ങൾ തിരിച്ചറിഞ്ഞിരിക്കാം. അല്ലെങ്കിൽ, യേശുവിന്റെ വാക്കുകൾ വൈപരീത്യമുളവാക്കും. ഗിരിപ്രഭാഷണത്തിൽ, അവൻ ആളുകളോടു അവരുടെ ശത്രുക്കളെ സ്നേഹിപ്പാൻ ആവശ്യപ്പെട്ടു (മത്തായി 5:44). തീർച്ചയായും, അവൻ നമ്മുടെ ശത്രുക്കളെ സ്നേഹിപ്പാൻ പറയുകയും അതേസമയം നമ്മുടെ സ്വന്തം വീട്ടുകാരെ വെറുക്കണമെന്നും പറയുകയില്ല.

"പകെക്കുക" എന്ന വാക്ക് ചിലപ്പോൾ ബൈബിളിൽ "കുറച്ചു സ്നേഹിക്കുക" എന്ന് അർത്ഥമാക്കുന്നതിന് ഉപയോഗിച്ചിരിക്കുന്ന തായി നാം കാണുമ്പോൾ നമുക്കുണ്ടായിരുന്ന അഭിപ്രായവ്യത്യാസം ഇല്ലാതാകും (നോക്കുക ആവർത്തനപുസ്തകം 21:15; കെജെവി). ലൂക്കൊസ് 14:26–ലെ പ്രസ്താവന മത്തായി 10:37–ലെ പ്രസ്താവനയുമായി താരതമ്യം ചെയ്യുമ്പോൾ സ്പഷ്ടമായും ലൂക്കൊസ് 14:26–ലെ "പകെക്കുക" എന്ന വാക്ക് അർത്ഥമാക്കുന്നത് ഇങ്ങനെയാണ്: "എന്നെ*ക്കാൾ* അധികം അപ്പനെയോ അമ്മയെയോ പ്രിയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല; എന്നെ*ക്കാൾ* അധികം മകനെയോ മകളെയോ പ്രിയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല." (എംഫസിസ് മൈൻ). അതുകൊണ്ട് ക്രിസ്തു ലൂക്കൊസ് 14:26–ൽ പറഞ്ഞിരിക്കുന്നത് നാം കർത്താവിനെയും ദൈവത്തെയും സ്നേഹിക്കുന്നതിനെ*ക്കാൾ കുറച്ചു*മാത്രമേ നാം നമ്മുടെ ഭൗതിക കുടുംബാംഗത്തെ സ്നേഹിക്കാവൂ എന്നാണ്.

എങ്ങനെയായാലും, ലൂക്കൊസ് 14–ലെ വാക്കുകൾ, അതിന്റെ ശരിയായ അർത്ഥം നഷ്ടമാകുന്ന വിധത്തിൽ വീര്യം കുറയ്ക്കാതിരിക്കുവാൻ നാം ശ്രദ്ധിക്കുക. *താരതമ്യം ചെയ്താൽ*, നമ്മുടെ ഭൗതിക കുടുംബങ്ങളോടുള്ള സ്നേഹത്തെ *പക*[30] എന്നു വിളിക്കത്തക്കവിധം, ദൈവത്തോടും അവന്റെ ആത്മീയ ഭവനത്തോടും ഉള്ള നമ്മുടെ സ്നേഹം വലുതായിരിക്കണം.

വീണ്ടും, നമ്മുടെ യഥാർത്ഥ കുടുംബങ്ങളെ ഉപേക്ഷിക്കണമെന്നല്ല അത് അർത്ഥമാക്കുന്നത് എന്നു ഞാൻ ഊന്നി പറയുന്നു. സഭക്ക്/രാജ്യത്തിന് പ്രഥമ പരിഗണനകൊടുക്കുന്ന മിക്കപേരും (മത്തായി 6:33) അവരുടെ ഭൗതിക കുടുംബങ്ങളിലെ ബന്ധങ്ങൾ ഉയർന്നമൂല്യമുള്ളതായി കാണുന്നു (നോക്കുക എഫെസ്യർ 5:25, 28, 33; 6:1–4).[31] വില്യം ഹെൻറിക്സൺ പറ

ഞ്ഞതു എന്തെന്നാൽ "ആ നിയമത്തെ [ആദ്യം ആത്മീയ ഭവനത്തോട് ഭക്തിയുള്ളവരായി തീരുന്ന] പാലിക്കുന്നത് ... നമ്മുടെ ഭൗതിക കുടുംബ ത്തോട്[32] ചെയ്യുവാൻ കഴിയുന്ന ശ്രേഷ്ഠമായ സേവനമാണ്" എന്നാണ്.

### നിങ്ങളുടെ രണ്ടു കുടുംബങ്ങൾ

യേശുവിന്റെ രണ്ടു കുടുംബങ്ങളെയും രണ്ടു ക്രിസ്തീയ കുടുംബങ്ങ ളെയും കുറിച്ചു നാം സംസാരിച്ചു. ഇനി നമുക്ക് നിങ്ങളുടെ രണ്ടു കുടുംബ ങ്ങളെ കൂടുതൽ അടുത്തു നോക്കാം.

**രണ്ടും യോജിപ്പിൽ**

നിങ്ങളുടെ രണ്ടു കുടുംബങ്ങളും യോജിക്കുമ്പോൾ നിങ്ങൾക്ക് "രണ്ടു ലോകങ്ങളിലും ശ്രേഷ്ഠമായത്" ലഭിക്കുന്നു.

ഒരു നിമിഷം, നമുക്ക് നാം ആരംഭത്തിൽ പറഞ്ഞ സംഭവത്തിലേക്കു തിരിച്ചുവരാം. സാധാരണ പോലെ, സംഭവം രേഖപ്പെടുത്തിയ ശേഷം, എഴു ത്തുകാർക്ക് അതിന്റെ തുടർച്ചയായി വരുന്നത് പറയുവാൻ താല്പര്യമില്ലാ യിരുന്നു. യേശു ശാസിച്ചശേഷം, അവന്റെ അമ്മയും സഹോദരന്മാരും അടു ത്തുതന്നെ നിന്നുവോ? പുരുഷാരത്തോട് യേശു ഉപദേശിച്ചു തീർന്നശേ ഷം, അവൻ തന്റെ കുടുംബാംഗങ്ങളെ സന്ദർശിച്ചുവോ? നമ്മോടു പറഞ്ഞി ട്ടില്ല. എന്നാൽ ഒരു കാര്യം നമുക്ക് തീർച്ചപ്പെടുത്താം: തന്റെ ദൗത്യത്തിൽനിന്ന് പിൻതിരിപ്പിക്കുവാൻ അവരെയോ മറ്റാരെയുമോ യേശു അനുവദിച്ചിരുന്നി ല്ല. അവനെ ആരും വീട്ടിലേക്ക് വലിച്ചുകൊണ്ടുപോയില്ല.[33] തന്റെ പ്രവൃ ത്തിയിൽ നിന്ന് വിശ്രമിക്കുമ്പോൾ യേശു തന്റെ കുടുംബത്തെ അവഗണി ച്ചിരുന്നില്ല എന്നതും തീർച്ചയാണ്. തന്റെ ജീവിതത്തെ കുറിച്ചുള്ള വിവരണ ത്തിൽ വീണ്ടും അവന്റെ അമ്മയും സഹോദരന്മാരും പ്രത്യക്ഷപ്പെടുന്നുണ്ട്, ക്രിസ്തു തന്റെ കുടുംബ ബന്ധം വിഛേദിച്ചു എന്നതിനു ഒരു സൂചനയു മില്ല (യോഹന്നാൻ 7:2–10; 19:25–27).

എങ്ങനെയായാലും, യേശു തന്റെ കുടുംബബന്ധത്തിലേക്ക് തിരിച്ചുവ രുന്നതിലുള്ള എന്റെ ഉദ്ദേശം, അവസാനം, ഈ സംഭവത്തിന് സന്തോഷക രമായ ഒരു പര്യവസാനം ഉണ്ട് എന്നത് കാണിക്കുവാനാണ്. ക്രമേണ, അവന്റെ സഹോദരന്മാർ അവനിൽ വിശ്വസിക്കുവാൻ ഇടയായി. ഉയർത്തെ ഴുന്നേറ്റ യേശു അവന്റെ അർദ്ധ–സഹോദരനായ യാക്കോബിന് പ്രത്യക്ഷ നായി (1 കൊരിന്ത്യർ 15:7). അപ്പൊസ്തലന്മാർ യെരുശലേമിൽ പരിശുദ്ധാ ത്മാവിന്റെ ആവിർഭാവത്തിനായി കാത്തിരുന്നപ്പോൾ അവന്റെ അമ്മയും സഹോദരന്മാരും അവരോടു കൂടെ ഉണ്ടായിരുന്നു (പ്രവൃത്തികൾ 1:14). യാക്കോബ് യെരുശലേം സഭയിലെ അദ്ധ്യക്ഷന്മാരിൽ ഒരാളായി തീർന്നു (പ്രവൃത്തികൾ 12:17; 15:13; 21:18; ഗലാത്യർ 1:19) യാക്കോബിന്റെ പുസ്തകം എഴുതുകയും ചെയ്തു (യാക്കോബ് 1:1). അവന്റെ മറ്റൊരു അർദ്ധ–സഹോ ദരനായിരുന്ന, യൂദാസ് (അല്ലെങ്കിൽ യൂദാ), യൂദയുടെ പുസ്തകം എഴുതി യിരിക്കുന്നു (യൂദാ 1). യൂസേബിയസ് എന്ന സഭാചരിത്രകാരൻ പറഞ്ഞത് അവന്റെ മറ്റു സഹോദരന്മാരും വിവിധ ഇടവകകളിൽ അദ്ധ്യക്ഷന്മാരായി രുന്നു എന്നാണ് (നോക്കുക 1 കൊരിന്ത്യർ 9:5).

മറ്റൊരു വാക്കിൽ പറഞ്ഞാൽ, യേശുവിന്റെ ഭൗതിക കുടുംബം അവ സാനം തന്റെ ആത്മീയ ഭവനത്തിന്റെ ഭാഗമായി തീർന്നു! എന്റെ അപ്പനും

അമ്മയും ക്രിസ്ത്യാനികളായി തീർന്നതുകൊണ്ട് ഞാൻ നന്ദിയുള്ളവനാണ്; എന്റെ ഭാര്യ ഒരു ക്രിസ്ത്യാനിയാണ്; എന്റെ മൂന്ന് പെൺമക്കളും എന്റെ രണ്ട് മരു–മക്കളും ക്രിസ്ത്യാനികളാണ്; എന്റെ രണ്ട് കൊച്ചുമക്കളിൽ മൂത്തവനായ, ശേത് ഡേവിഡ്, സ്നാനമേറ്റിട്ട് അധികമായില്ല! എന്റെ പ്രിയപ്പെട്ടവരും ഒത്ത് ദൈവത്തിന്റെ കൃപാസനത്തിൽ കൈകോർത്ത് പാടി പുകഴ്ത്തുവാൻ[34] കഴിയുന്നതിനെക്കാൾ വലിയ സന്തോഷം മറ്റൊന്നിലുമില്ല!

ഇത്തരത്തിലുള്ള സന്തോഷം നിങ്ങൾക്കും അറിയുവാൻ കഴിയണമെന്നതാണ് എന്റെ പ്രാർത്ഥന.

**രണ്ടും സംഘട്ടനത്തിൽ**

നിർഭാഗ്യവശാൽ, രണ്ടു കുടുംബങ്ങളും എല്ലായ്പ്പോഴും യോജിച്ചെന്നു വരികയില്ല. ചിലപ്പോൾ ഗൗരവമായ സംഘട്ടനം ഉണ്ടാകും. യേശു അതു പ്രതീക്ഷിച്ചു. അവൻ പറഞ്ഞു,

> ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്നു നിരൂപിക്കരുത്; സമാധാനം അല്ല, വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നതു. മനുഷ്യനെ തന്റെ അപ്പനോടും മകളെ അമ്മയോടും, മരുമകളെ അമ്മാവിയമ്മയോടും, ഭേദിപ്പിപ്പാനത്രേ ഞാൻ വന്നതു; മനുഷ്യന്റെ വീട്ടുകാർ തന്നേ അവന്റെ ശത്രുക്കൾ ആകും (മത്തായി 10:34–36).

അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞു, "എന്നാൽ അമ്മയപ്പന്മാരും സഹോദരന്മാരും ചാർച്ചക്കാരും ചങ്ങാതികളും നിങ്ങളെ ഏൽപിച്ചു കൊടുക്കയും, നിങ്ങളിൽ ചിലരെ കൊല്ലിക്കുകയും ചെയ്യും" (ലൂക്കൊസ് 21:16). ഈ രണ്ടു വേദഭാഗങ്ങളും ക്രിസ്തു കുടുംബത്തിൽ വേർതിരിവുണ്ടാകുവാൻ ആഗ്രഹിക്കുന്നു എന്നർത്ഥമാക്കുന്നില്ല. മറിച്ച്, സുവിശേഷത്തിന്റെ സ്വഭാവവും അതിന് ആവശ്യമായ സമർപ്പണവും ലൗകിക–മനസുകൾക്ക് മനസിലാവുകയില്ല, അതുകൊണ്ടു സംഘട്ടനാവസ്ഥ ചിലപ്പോൾ ഒഴിച്ചു നിർത്തുവാൻ പറ്റാത്തതാണ് എന്ന് അവന് അറിയാമായിരുന്നു.

ഞാൻ പറയുന്നതെന്താണെന്ന് കൃത്യമായി ചിലർക്കെങ്കിലും അറിയാം. യേശുവിന്റെ സ്നേഹിതന്മാരും കുടുംബവും അവൻ ദൈവത്തിന് പ്രഥമ സ്ഥാനം കൊടുത്തുകൊണ്ട് തന്റെ വ്യക്തിപരമായ ആവശ്യങ്ങളെ കണക്കാക്കാതിരുന്നപ്പോൾ അവന് ഭ്രാന്തുണ്ട് എന്നു വിചാരിച്ചു. നിങ്ങളും ഒരു പക്ഷെ ശരിയായത് ചെയ്യുന്നതുകൊണ്ട് നിങ്ങളെയും ചിലപ്പോൾ "വട്ടുള്ളവൻ" എന്ന് വിളിച്ചിരിക്കാം. അതാണ് കാര്യമെങ്കിൽ, അത് പ്രയാസമാണ്, അല്ലേ?

നിങ്ങൾ നിങ്ങളുടെ കുടുംബത്തിൽ അല്ലെങ്കിൽ നിങ്ങളുടെ സുഹൃത്തുക്കൾക്കിടയിൽ കുഴപ്പമുണ്ടാക്കുവാൻ വഴിവിട്ടു പോകണം എന്നല്ല ഞാൻ പറയുന്നത്. പൗലൊസ് എഴുതി, "കഴിയുമെങ്കിൽ, നിങ്ങളാൽ ആവോളം, സകലമനുഷ്യരോടും സമാധാനമായിരിപ്പിൻ" (റോമർ 12:18).[35] ഞാൻ പറയുന്നതെന്തെന്നാൽ, മറ്റുള്ളവരുമായി ഒത്തുപോകുന്നതിനായുള്ള നിങ്ങളുടെ പരിശ്രമങ്ങളെ കണക്കാക്കാതെ, നിങ്ങളുടെ കുടുംബം നിങ്ങളെ അപ്പോഴും വിട്ടുകളയുകയാണെങ്കിൽ, കർത്താവ് നിങ്ങളെ കൈവിടുകയില്ല എന്ന പരിജ്ഞാനത്തിൽ ആശ്വാസം കണ്ടെത്തുക (എബ്രായർ 13:5). അവന്റെ വാഗ്ദാ

നത്തെ ശ്രദ്ധിക്കുക:

> അതിന്ന് യേശു, "എന്റെ നിമിത്തവും സുവിശേഷം നിമിത്തവും, വീടോ സഹോദരന്മാരെയോ സഹോദരികളെയോ അമ്മയെയോ അപ്പനെയോ മക്കളെയോ നിലങ്ങളെയോ വിട്ടാൽ, ഈ ലോകത്തിൽ തന്നേ ഉപദ്രവങ്ങളോടുംകൂടെ; നൂറു മടങ്ങു വീടുകളെയും, സഹോദരന്മാരെയും സഹോദരികളെയും, അമ്മമാരെയും മക്കളെയും നിലങ്ങളെയും, വരുവാനുള്ള ലോകത്തിൽ, നിത്യജീവനെയും പ്രാപിക്കാത്തവൻ ആരുമില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മർക്കൊസ് 10:29, 30).

**ഉപസംഹാരം**

നിങ്ങളുടെ രണ്ടു കുടുംബങ്ങൾ ഒന്നിച്ചുചേരണമെന്നാണ് ഞാൻ വിചാരിക്കുന്നത്. അങ്ങനെ അല്ലെങ്കിൽ, നിങ്ങളുടെ പ്രിയപ്പെട്ടവരെ ദൈവത്തിന്റെ ഭവനമായ, സഭയിലേക്കു കൊണ്ടുവരുവാൻ നിങ്ങളുടെ എല്ലാ കഴിവും ഉപയോഗിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇതു നേടിയെടുക്കുവാൻ ചെയ്യുന്ന പരിശ്രമത്തേക്കാൾ മറ്റൊന്നും വലുതാകയില്ല. നിങ്ങൾ ഇതിൽ വിജയിച്ചില്ലെങ്കിൽ പോലും, നിങ്ങൾക്കു ചെയ്യുവാൻ കഴിഞ്ഞതു ചെയ്തു എന്ന് ആശ്വസിക്കുവാൻ കഴിയും.

അത് നേടിയെടുക്കണമെന്നുള്ള പ്രത്യാശക്കായി, നിങ്ങൾ ആദ്യം തന്നെത്താൻ ദൈവഭവനത്തിലെ വിശ്വസ്തമായ അംഗമായി തീരണം. നിങ്ങൾ "അനുയായി" എന്നതിൽ നിന്ന് "കുടുംബം" എന്നതിലേക്കു മാറിയിട്ടുണ്ടോ? വിശ്വാസത്താലും സ്നാനത്താലും നിങ്ങൾ "വീണ്ടും ജനനം" നടത്തിയിട്ടുണ്ടോ? നിങ്ങളുടെ ജീവിതം കർത്താവിനു സമർപ്പിച്ചിട്ടുണ്ടോ? നമ്മുടെ കർത്താവിനോടുള്ള ബന്ധം ഏറ്റവും ഗൗരവമായി എടുക്കുവാൻ യേശു ആഗ്രഹിക്കുന്നു എന്നതാണ് നാം പഠിച്ച സംഭവത്തിൽനിന്ന് വ്യക്തമാകുന്നത്. ഞങ്ങൾ നിങ്ങളെ സഹായിക്കണമെന്നുണ്ടെങ്കിൽ, ഞങ്ങളെ അറിയിക്കുക....

---

കുറിപ്പുകൾ

[1]"തിരക്കുള്ള ഒരു ദിവസം" എന്നതിനുള്ള മുഖവുര ഈ പുസ്തകത്തിൽ മുൻപു വന്നിട്ടുള്ളത് നോക്കുക. [2]മറിയയെയും യോസേഫിനെയും കുറിച്ചുള്ള വിവരങ്ങൾക്ക് *ക്രിസ്തുവിന്റെ ജീവിതം, 1* എന്ന പുസ്തകം നോക്കുക. [3]*ക്രിസ്തുവിന്റെ ജീവിതം, 2* എന്ന പുസ്തകത്തിൽ "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു," എന്ന പാഠം നോക്കുക. [4]യോഹന്നാൻ 7–ലെ വാക്യം 3–ഉം 4–ഉം വാക്യം 5–ന്റെ വെളിച്ചത്തിൽ വേണം കാണുവാൻ. [5]ഒരവസരത്തിൽ ക്രിസ്തുവിന്റെ ശത്രുക്കളും അതേ ആരോപണം ഉന്നയിക്കയുണ്ടായി (യോഹന്നാൻ 10:20). ഇത്തരത്തിൽ ദൈവദാസനെ അപമാനിച്ചതിൽ ക്രിസ്തു ആദ്യത്തേതോ അവസാനത്തേതോ ആയിരുന്നില്ല (നോക്കുക 2 രാജാക്കന്മാർ 9:11; പ്രവൃത്തികൾ 26:24, 25). [6]അവസാന പാഠത്തിൽ ആ പ്രയോഗത്തെ ചുരുക്കമായി വിവരിച്ചിരിക്കുന്നത് ഒന്നുകൂടി പരിശോധിക്കുക. [7]കൂടുതൽ വിവരങ്ങൾക്ക് അവസാനത്തെ പാഠം പരിശോധിക്കുക. [8]ഞാൻ താമസിക്കുന്ന പ്രദേശത്ത്, ഞങ്ങൾ പറയും, "അത് അവ

സാനത്തെ വൈക്കോൽ തുരുമ്പായിരുന്നു.” [9]വില്യം ബാർക്ക്ലേ, *ദ ഗോസ്പെൽ ഓഫ് മാർക്ക്*, റെവ. എഡി., ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ്മിൻസ്റ്റർ പ്രെസ്, 1975), 76–77. താഴെ കൊടുത്ത ഖണ്ഡിക ബാർക്ലേയുടെ പോയിന്റ് ഞാൻ ചുരുക്കി പറഞ്ഞതാണ്. [10]അമേരിക്കയിൽ, ഞാൻ പറയും “റെഡ്–നെക്സ്, ലോ–ലൈഫ്സ്, ആന്റ് മാൽകൺടെൻസ്.”

[11]ജെയിംസ് ബർട്ടൺ കോഫ്മാൻ, *കമെന്ററി ഓൺ മാർക്ക്* (ആസ്റ്റിൻ, ടെക്സ്.: ഫെം ഫൗണ്ടേഷൻ പബ്ളിഷിങ് ഹൗസ്, 1975), 63. [12]മറിയയുടെ കസിന്റെ മകൻ (എലിശബെത്തിന്റെ മകനായ, യോഹന്നാൻ സ്നാപകൻ) തടവിലാക്കപ്പെടുകയും, അവന്റെ മരണം ആസന്നമെന്നു തോന്നിപ്പിക്കുകയും ചെയ്തിരുന്നു. അപ്പോൾ ഏതൊരമ്മക്കു വിചാരപ്പെടാതിരിക്കുവാൻ കഴിയും? [13]ഈ വേദഭാഗം മർക്കൊസ് 2:1, 2 മായി താരതമ്യം ചെയ്യുക. [14]മർക്കൊസിന്റെ വിവരണത്തിൽ “*അവർ* അവനോടു പറഞ്ഞു” എന്നാണ് (എംഫസിസ് മൈൻ.) [15]ചാൾസ് ആർ. ഏഡ്മാൻ, *ദ ഗോസ്പെൽ ഓഫ് മാർക്ക്* (ഫിലദെൽഫിയ: വെസ്റ്റ്മിൻസ്റ്റർ പ്രെസ്, 1967), 74. [16]ഈ പ്രസംഗം ഇതിനുമുൻപത്തെ പാഠത്തിനുശേഷമാണ് പ്രസംഗിക്കുന്നതെങ്കിൽ, നിങ്ങൾക്ക് വേണമെങ്കിൽ, “ഞാൻ വീണ്ടും ഊന്നി പറയട്ടെ” എന്നു പറയാം. [17]വില്യം ആർനോട്ട്, *ലെസ്സെർ പാരബിൾസ് ഓഫ് അവർ ലോർഡ്* (ഗ്രാന്റ് റാപിഡ്സ്, മൈക്ക്.: ക്രിഗെൽ പബ്ളിക്കേഷൻസ്, 1884), 115. [18]യേശു ആ ലിസ്റ്റിൽ “പിതാവ്” എന്നു ഉൾപ്പെടുത്തിയില്ല, കാരണം ആ പങ്ക് ദൈവത്തിന് മാത്രം ഉള്ളതാണ് (മത്തായി 23:9). [19]തീർച്ചയായും, മറ്റു ക്രിസ്ത്യാനികളെ സഹോദരന്മാരായും, സഹോദരിമാരായും, അമ്മമാരായും കണക്കാക്കുവാനുള്ള അവകാശം എത്ര കാലം സഭയിൽ അംഗങ്ങളായി തീർന്നവർക്കും ഉണ്ടായിരുന്നു (1 തിമൊഥെയൊസ് 5:1, 2). [20]യേശു മുഖാന്തരം മാത്രമേ നമുക്കു ദൈവേഷ്ടത്തെ അറിയുവാൻ കഴിയൂ എന്നു നിങ്ങൾക്കു വേണമെങ്കിൽ ഊന്നി പറയാം (മത്തായി 11:27). അതുകൊണ്ടു, ദൈവേഷ്ടം അറിയുവാനും അതു ചെയ്യുവാനും, നാം *ക്രിസ്തു*വിനെ കേൾക്കുകയും അവന്റെ ഉപദേശം അനുസരിക്കുകയും വേണം.

[21]ഈ വാചകം എടുത്തിരിക്കുന്നത് ആർ. സി. ഹെച്ച്. ലെൻസ്കി, *ദ ഇന്റർപ്രെറ്റേഷൻ ഓഫ് സെന്റ്. ലൂക്സ് ഗോസ്പെൽ* (മിന്നെപൊലിസ്: ആഗ്സ്ബെർഗ് പബ്ളിഷിങ് ഹൗസ്, 1946), 461. [22]ആ പദപ്രയോഗം എടുത്തിരിക്കുന്നത് ഗലാത്യർ 5:2; കെജെവിയിൽ നിന്നാണ്. കെജെവിയിലെ അതേ ഉപയോഗം കാണുവാൻ, മർക്കൊസ് 8:36; എബ്രായർ 4:2; യാക്കൊബ് 2:14, 16 നോക്കുക. [23]ദൈവഭവനത്തെ കുറിച്ചു പറയുന്ന മറ്റൊരു വേദഭാഗമാണ് എഫെസ്യർ 3:15. എൻഐവിയിൽ എഫെസ്യർ 3:14, 15 നൽകുന്നത് ഇങ്ങനെയാണ്, “അക്കാരണത്താൽ സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല കുടുംബങ്ങൾക്കും പേർവരുവാൻ കാരണമായ, പിതാവിന്റെ മുൻപാകെ ഞാൻ മുട്ടുകുത്തുന്നു.” [24]അവൻ നമ്മെയും അവന്റെ “സഹോദരന്മാർ” എന്നു വിളിച്ചിട്ടുണ്ട് (എബ്രായർ 2:11). [25]കെജെവിയിൽ “സഭ” എന്ന വാക്കാണ് പ്രവൃത്തികൾ 2:47–ൽ ഉള്ളത്, എന്നാൽ എൻഎഎസ്ബിയിൽ അതല്ല. സഭ/രാജ്യം (മത്തായി 16:18, 19) സ്ഥാപിക്കപ്പെട്ടിരിക്കുന്നുവെന്ന് പ്രവൃത്തികൾ 2 പറയുന്നതുകൊണ്ടു (പ്രവൃത്തികൾ 1:6–9; 2:1–4 നോക്കുക), വാക്യം 47–ൽ “അവർ” എന്ന് പറഞ്ഞിരിക്കുന്ന ആളുകൾ രാജ്യത്തിലെ പൗരന്മാരായ, സഭയിലെ അംഗങ്ങളെ ആയിരുന്നു എന്നു നമുക്കറിയാം. [26]അതായത്, രണ്ടാമത്തേത് സ്വർഗ്ഗത്തിലേക്കു പോകുവാനും നിങ്ങളുടെ ജീവിതത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ഉദ്ദേശം നിറവേറ്റുവാനും ആവശ്യമായതാണ്. [27]വില്യം ബാർക്ലേ, *ദ ഗോസ്പെൽ ഓഫ് മാർക്ക്,* റെവ. എഡി., ദ ഡെയിലി സ്റ്റഡി ബൈബിൾ സീരിസ് (ഫിലദെൽഫിയ: വെസ്റ്റ്മിൻസ്റ്റർ പ്രെസ്, 1975), 82–83. [28]ഒരാളിന് തന്റെ കുടുംബത്തോടുള്ള ആത്മാർത്ഥതയെ സംബന്ധിച്ച് തെറ്റായ മുൻഗണനകളുടെ ചിത്രീകരണമായി ലൂക്കൊസ് 9:59–62 ഉപയോഗിക്കാം. [29]ഗോർഡൻ

പവൽ, *ഡിഫിക്കൾട്ട് സേയിങ്സ് ഓഫ് ജീസസ്* (എൻ.പി.: ഫ്ളെമിങ് എച്ച്. റിവെൽ കമ്പനി., 1962), 21. [30]ഈ പ്രസ്താവനക്കു വിപുലീകരണം ആവശ്യമെങ്കിൽ, നിങ്ങൾക്ക് ചില ചിത്രീകരണങ്ങൾ നടത്താം: "ഞാൻ ഒരു കുട്ടി ആയിരുന്നപ്പോൾ, എനിക്ക് ഓടുവാൻ കഴിയുമെന്നു ഞാൻ വിചാരിച്ചു – എന്നാൽ അവസാനം ഞാൻ ഒരു ലോകം അറിയപ്പെടുന്ന ഓട്ടക്കാരനെ കണ്ടപ്പോൾ, എനിക്ക് ഓടുവാൻ കഴിയുകയില്ല എന്നുപോലും തോന്നിപ്പോയി." "കോളേജിലെ എന്റെ ആദ്യ വർഷങ്ങളിൽ, ഞാൻ എന്റെ തുണികൾ എല്ലാം ഒരു വാഷ് ബേസിനിൽ ആണ് കഴുകിയിരുന്നത്. ഞാൻ വിചാരിച്ചതു എന്റെ വെള്ള വസ്ത്രങ്ങൾ വെള്ളയായി തന്നെ ഇരിക്കുന്നുവെന്നാണ് – എന്നാൽ ഞാൻ വാസ്തവത്തിലുള്ള വെള്ള പശ്ചാത്തലത്തിനെതിരെ അവയെ നോക്കി കാണുന്നതുവരെ ആയിരുന്നു. അപ്പോൾ എനിക്കു മനസ്സിലായി അത് യഥാർത്ഥത്തിൽ വെള്ള ആയിരുന്നില്ല എന്ന്."

[31]ചിലപ്പോൾ, എങ്ങനെയായാലും, മറ്റു കുടുംബാംഗങ്ങളുടെ ഭാഗത്തുനിന്നുള്ള വിദ്വേഷം ബന്ധങ്ങളെ ഉലയ്ക്കുവാൻ കാരണമാകുന്നുണ്ട്. ഈ പ്രസംഗത്തിൽ പിന്നീടു അതു പറയുന്നുണ്ട്. [32]വില്യം ഹെൻട്രിക്സെൻ, *ന്യൂ ടെസ്റ്റമെന്റ് കമെന്ററി: ദ ഗോസ്പെൽ ഓഫ് ലൂക്ക്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1978), 437. [33]ഒരു കുന്നിൽനിന്ന് തന്നെ തള്ളിയിടുവാൻ കഴിയാത്ത വിധത്തിൽ പുരുഷാരത്തെ തടയുവാൻ യേശുവിന് കഴിയുമെങ്കിൽ (ലൂക്കൊസ് 4:28–30), താൻ ആഗ്രഹിക്കാത്ത സ്ഥലത്തേക്ക് നാലുസഹോദരന്മാർ അവനെ വലിച്ചിഴച്ചു കൊണ്ടുപോകുവാൻ അനുവദിക്കാതിരിപ്പാനും അവനു കഴിയുമായിരുന്നു. [34]ആ രംഗം വിവരിച്ചിരിക്കുന്നതു ഡേവിഡ് റോപ്പറിന്റെ, "ദ നൈറ്റ് ഐ വെന്റ് ടു ഹേവൻ" (ട്രാക്റ്റ്) (ബ്രോക്കൺ ആരോ, ഓക്ള.: ക്രിസ്റ്റ്യൻ കമ്മ്യൂണിക്കേഷൻസ്, എൻ.ഡി.), 11–12. [35]പലപ്പോഴും, ഒരു ക്രിസ്ത്യാനിയായ സ്ത്രീയുടെ ഭർത്താവ് ക്രിസ്ത്യാനി അല്ലെങ്കിൽ പ്രശ്നങ്ങൾ ഉയരാം. പത്രൊസ് ഈ സാഹചര്യത്തെ എങ്ങനെ നേരിടണമെന്ന് 1 പത്രൊസ് 3:1–6 ൽ ക്രിസ്ത്യാനികളായ ഭാര്യമാർക്കു നിർദ്ദേശം നൽകുന്നു.